ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും പ്രസ്തുത തസ്തികകളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കറഞ്ഞ നിരക്കിൽ രോഗനിർണ്ണയ പരിശോധനകൾ

15 (2224) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 സർക്കാർ ആശുപത്രികളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കുറഞ്ഞ നിരക്കിൽ രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏതെല്ലാം പരിശോധനകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും എത്രത്തോളം നിരക്ക് കുറച്ചാണ് സർക്കാർ ആശുപത്രികളിൽ പരിശോധനകൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്താമോ ;

(സി) സർക്കാർ ആശുപത്രികളിൽ സൗജന്യ രോഗ നിർണ്ണയ പരിശോധനകൾ നടത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും മറ്റ് റീജിയണൽ ആശുപത്രികളിലെ ജില്ലാ ലാബുകളിലും പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും ബി.പി.എൽ വിഭാഗത്തി ലുള്ളവർക്ക് തികച്ചും സൗജന്യമായും നിരവധി ടെസ്റ്റുകൾ നടത്തിവരുന്നു. പൊതുവായി നടത്തിവരുന്ന എല്ലാ ടെസ്റ്റുകൾക്കും പുറമെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ആധുനികമായ താഴെപറയുന്ന ടെസ്റ്റുകൾ അതിനോട് ചേർത്തിരിക്കുന്ന ഫീസുകൾവാങ്ങി നടത്തിവരുന്നു. ടി ടെസ്റ്റുകൾ സ്വകാര്യ മേഖലയിൽ അനേകം ഇരട്ടി ഫീസാണ് വാങ്ങുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എലീസാ വർക്ക് സ്റ്റേഷൻ

ഹെപ്പറ്റൈറ്റിസ് എ.ബി.സി	-	(50 രൂപ വീതം)
എലീസാടെസ്റ്റ്	-	(ഫ്രീ)
ഡെങ്കി ഐ.ജി.എം	-	"
ലെപ്റ്റോ ഐ.ജി.എം	-	"
സ്ക്രബ് ടൈഫസ് ഐ.ജി.എം	-	(150 രൂപ മാത്രം)
ചിക്കൻ ഗുനിയ ഐ.ജി.എം	-	(ഫ്രീ)

കെമിലൂമിനസെൻസ് മെഷീൻ

റ്റി3	-	50	രൂപ
റ്റി4	-	50	"
റ്റി.എസ്.എച്ച്	-	50	"
പി.എസ്.എ	-	150	"
ഫെറിറ്റിൻ	-	100	"
എൽ.എച്ച്	-	100	"
എഫ്.എസ്.എച്ച്	-	100	"
സി.എ	-	125	"

കൾച്ചർ & ഐഡന്റിഫിക്കേഷൻ സിസ്റ്റം

ബ്ലഡ്	-	25	രൂപ
യൂറിൻ	-	25	"
സ്റ്റൂം	-	25	"
പസ്	-	25	"

പി.സി.ആർ ടെസ്റ്റുകളുടെയും അതിന്റെ ഫീസ് നിലവാരവും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികളുടെ നിരക്ക് ലഭ്യമല്ല.

(സി) സർക്കാർ ആശുപത്രികളിൽ ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായാണ് രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നത്. എന്നാൽ എ.പി.എൽ കാരിൽനിന്ന് ആശുപത്രി വികസന സമിതികൾ നിശ്ചയിക്കുന്ന നിരക്കാണ് രോഗനിർണ്ണയ പരിശോധനകൾക്ക് ഈടാക്കുന്നത്. ആർ.എസ്.ബി. വൈ. ചിസ് പ്ലസ് പദ്ധതികളിലൂടെ നിർദ്ധനരായ രോഗികൾക്ക് രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നുണ്ട്.

വയനാട് ജില്ലയിൽ കരങ്ങുപനി

16 (2225) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പടർന്ന് പിടിക്കുന്ന കരങ്ങുപനി നിയന്ത്രിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ?

(സി) രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിജയിച്ചിട്ടുണ്ട്.

(ബി&സി) എല്ലാ സർക്കാർ ആശുപത്രികളിലും DM, WIMS ഹോസ്പിറ്റലിലും ചികിത്സയ്ക്കവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, രോഗനിർണ്ണയത്തിനുവേണ്ടി സംശയിക്കപ്പെടുന്നവരുടെ ബ്ലഡ് സാമ്പിളുകൾ MCVR മണിപ്പാൽ ലാബിലേയ്ക്ക് അയച്ച് റിസൾട്ട് ലഭ്യമാക്കുന്നുണ്ട്. കൂടാതെ, കരങ്ങുപനി നിയന്ത്രണ വിധേയമാക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly